**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 509** **13-08-2021 - ൽ മറുപടിയ്ക്ക്**

**കാവേരി ട്രൈബ്യൂണൽ അനുവദിച്ച ജലത്തിന്റെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. എ. രാജ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാവേരി ട്രൈബ്യൂണൽ സംസ്ഥാനത്തിന് അനുവദിച്ച ജലത്തിന്റെ വിനിയോഗം പൂർണ്ണമായ തോതിൽ സാധ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | കാവേരി നദീജല തർക്കപരിഹാര ട്രൈബ്യൂണലിന്റെ (CWDT), 2007 ലെ അന്തിമ വിധിയിന്മേലുള്ള, 16/02/2018 ലെ സുപ്രീം കോടതിയുടെ വിധി പ്രകാരം, കേരളത്തിന് വിവിധ ആവശ്യങ്ങൾക്കായി കാവേരി നദീതടത്തിൽ (ജലസേചനം, ഗാർഹികം, വ്യാവസായികം എന്നിവയ്ക്കായി) ലഭിച്ച 30 ടി.എം.സി ജലത്തിൽ നിന്നും, വയനാട്ടിൽ കബനി നദീതടത്തിനായി 21 ടി.എം.സിയും, പാലക്കാടിൽ ഭവാനി നദീതടത്തിനായി 6ടി.എം.സിയും, ഇടുക്കിയിൽ പാമ്പാർ നദീതടത്തിനായി 3 ടി.എം.സിയുമാണ് ഉപയോഗത്തിനായി അനുവദിച്ചിട്ടുള്ളത്. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | 8721 ഹെക്ടർ പ്രദേശത്തിന്റെ ജലസേചന സാധ്യത കണക്കാക്കി നിർമ്മാണം ആരംഭിച്ച കാരാപ്പുഴ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 8721 ഹെക്ടർ ഭൂമിയിൽ 5600 ഹെക്ടർ കൃഷി സ്ഥലത്ത് ജലസേചനം നടത്തുന്നതിനായി വിഭാവനം ചെയ്ത ഒരു ഇടത്തരം ജലസേചന പദ്ധതിയാണ് കാരാപ്പുഴ ജലസേചന പദ്ധതി. കോൺക്രീറ്റ് സ്പിൽവേ ഉൾപ്പെടെ അണക്കെട്ടിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും, റിസർവ്വോയറിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ഇടതു കര, വലതുകര പ്രധാന കനാലുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നെങ്കിലും 2018 ലെ പ്രളയത്തിൽ ഇടതുകര കനാലിന്റെ ചെ.4.800കി.മീറ്ററിൽ തകർച്ചയുണ്ടാവുകയും, തകർന്ന 96 മീറ്റർ നീളത്തിൽ പുനരുദ്ധാരണ പ്രവൃത്തി നടത്തി വരികയും ചെയ്യുന്നു. 2021 നവംബർ മാസത്തോടെ പ്രവൃത്തി പൂർത്തീകരിച്ച് ഇതിലൂടെ ജലസേചനം നടത്താനാകുന്നതോടു കൂടി മെയിൻ കനാലുകൾ പൂർണ്ണമായും ജലസേചന യോഗ്യമാവും. ബ്രാഞ്ച് കനാലുകളുടെ 46.27 ശതമാനവും |

| | | | |
|---|---|---|---|
| | | | ഡിസ്ട്രിബ്യൂട്ടറികളുടെ 3.50 ശതമാനവും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 645.47 ഹെക്ടർ സ്ഥലത്ത് നിലവിൽ ജലസേചനം നടത്തി വരുന്നു. |
| (സി) | കബനി ഉപനദീതടത്തിലുള്ള ബാണാസുര സാഗർ ഇടത്തര ജലസേചന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (സി) | വയനാട് ജില്ലയിലെ ജലസേചന സൗകര്യം പരിപോഷിപ്പിക്കുന്നതിനായി വിഭാവനം ചെയ്ത ഒരു ഇടത്തരം ജലസേചന പദ്ധതിയാണ് ബാണാസുര സാഗർ ജലസേചന പദ്ധതി. കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ ആവശ്യാർത്ഥം 1973-ൽ കെ.എസ്.ഇ.ബി ആണ് ബാണാസുര സാഗർ ഡാം നിർമ്മിച്ചത്. ഡാമിൽ സംഭരിക്കപ്പെടുന്ന 6.70 ടി.എം.സി ജലത്തിൽ നിന്നും 1.70 ടി.എം.സി ജലം ജലസേചനത്തിനായി വിട്ടു തന്നിരുന്നെങ്കിലും കാവേരി വാട്ടർ ട്രൈബ്യൂണലിന്റെ നിർദ്ദേശ പ്രകാരം ടി ജലം 0.84 ടി.എം.സി ആയി പരിമിതപ്പെടുത്തുകയുണ്ടായി. 1999-ൽ ടി പ്രോജക്ടിന് വേണ്ടി 30/01/1999ലെ സ.ഉ(കൈ) നം.4/99/ ജ.വി.വ സർക്കാർ ഉത്തരവ് പ്രകാരം 37.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 20/08/2017-ൽ കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശ പ്രകാരം പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിന് നിർദ്ദേശിക്കുകയും, ആയത് പ്രകാരമുള്ള 172.77 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടും ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി, 2020-21 ആക്ഷൻ പ്ലാനിൽ 250 ലക്ഷം രൂപയുള്ള ഭരണാനുമതിയ്ക്കായുള്ള ശിപാർശയും സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | കാവേരി നദീജലം ഉപയോഗിക്കാൻ ഉദ്ദേശിച്ചുള്ള ഭവാനി നദീതട പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | കാവേരി ട്രൈബ്യൂണലിന്റെ വിധി പ്രകാരം കേരളത്തിലെ ഭവാനി നദീ തടത്തിലെ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച 6ടി.എം.സി ജലത്തിൽ നിന്നും 2.87 ടി.എം.സി അട്ടപ്പാടി വാലി ജലസേചന പദ്ധതിയ്ക്കായും, 0.57 ടി.എം.സി അരളി-ഇടുക്കി ജലസേചന പദ്ധതിയ്ക്കായും, 0.29 ടി.എം.സി പാന്തൻതോട് ജലസേചന പദ്ധതി യ്ക്കായും, ശേഷിക്കുന്ന 1.28 ടി.എം.സി ജലം ചെറുകിടജലസേചന പദ്ധതികൾക്കായുമാണ് വിനിയോഗിക്കുന്നത്. ഇതിൽ അട്ടപ്പാടി വാലി ജലസേചന പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി, അഗളി വില്ലേജിൽ ചിറ്റൂർ എന്ന സ്ഥലത്ത് കാവേരിയുടെ പോഷക നദിയായ ശിരുവാണി പുഴയ്ക്ക് കുറുകെയായി ഒരു അണക്കെട്ട് നിർമ്മിച്ച് അഗളി, ഷോളയാർ, കോട്ടത്തറ എന്നീ മേഖലകളിലെ 4255 ഹെക്ടർ കൃഷിഭൂമിയ്ക്ക് ജലസേചന സൗകര്യം ചെയ്യുകയാണ് ഉദ്ദേശലക്ഷ്യം. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം 1970-ൽ ആരംഭിച്ചു. പര്യവേഷണം, |

| | | | |
|---|---|---|---|
| | | | ജിയോളജിക്കൽ സർവ്വേ തുടങ്ങിയ പ്രാഥമിക ജോലികൾ പൂർത്തിയാക്കുകയും 227.35 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുമുണ്ട്. ഇനി 74.267 ഹെക്ടർ വനഭൂമി ഏറ്റെടുക്കുവാൻ അവശേഷിക്കുന്നു. കൂടാതെ പരിസ്ഥിതി ആഘാത പഠനത്തി (EIA)ന്റെ Terms of Reference (ToR)ന് അംഗീകാരം നൽകുന്നതിന് വേണ്ടി കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തി (MoEF&CC) നോട് നിരവധി തവണ ആവശ്യപ്പെട്ടുകയുണ്ടായി. എന്നാൽ പരിസ്ഥിതി ആഘാത പഠനത്തിന്റെ Terms of Reference (ToR)ന്റെ അംഗീകാരം നാളിതു വരെ ലഭ്യമായിട്ടില്ല. കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തി(MoEF&CC) ന്റെ 96–ാ മത് മീറ്റിംഗിൽ അട്ടപ്പാടി ഇറിഗേഷൻ പ്രോജക്ടിന്റെ പരിസ്ഥിതി ആഘാത പഠനത്തിന്റെ ToR അംഗീകരിക്കുന്നതിനായി Expert Appraisal Committee (EAC) ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പഠനം Mantec Consultant Pvt Ltdനെ 03/02/2016 തീയതിയിലെ സ.ഉ. (കൈ) നം.9/2016/ജ.വി.വ പ്രകാരം ഏൽപിക്കുകയുണ്ടായി. പരിസ്ഥിതി ആഘാത പഠനം കൺസൾട്ടന്റ് വഴി പുരോഗമിച്ചു വരുന്നു. തമിഴ്നാട് സർക്കാരിൽ നിന്നും കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEF&CC) എന്നിവയിൽ നിന്നും DPR അംഗീകാരം നേടുന്നതിലേയ്ക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## i) കബനി നദീതടത്തിലെ പദ്ധതികൾ

കബനി ബേസിനിൽ അനുവദിക്കപ്പെട്ട 2.80 ടി.എം.സി ജലത്തിൽ നിന്നും 1.22 ടി.എം.സി കാരാപ്പുഴ ഡാമിൽ സംഭരിച്ച് ഉപയോഗിച്ച് വരുന്നു. ഭാഗികമായി പൂർത്തീകരിച്ച കാരാപ്പുഴ പദ്ധതിയിൽ 645.47 ഹെക്ടർ സ്ഥലത്ത് നിലവിൽ ജലസേചനം നടത്തി വരികയും റിസർവ്വോയറിനുള്ള സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് 2.80 ടി.എം.സി ജലവും പൂർണ്ണമായി സംഭരിച്ച് ഉപയോഗപ്പെടുത്താൻ സാധിക്കും.

ബാണാസുര സാഗർ പദ്ധതിയ്ക്ക് അനുവദിക്കപ്പെട്ട 0.84 ടി.എം.സി ജലം, പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ്. ബാണാസുര സാഗർ അണക്കെട്ടിലെ ജലം ഉപയോഗിച്ച് കെ.എസ്.ഇ.ബി.എൽ, കുറ്റ്യാടി പദ്ധതിയിലൂടെ വൈദ്യുതോൽപാദനം നടത്തുന്നുണ്ട്. ആയതിന്റെ "റെയിൽസ് റേസ് വാട്ടർ" ഉപയോഗിച്ച് കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയ്ക്കും കോഴിക്കോട് കോർപ്പറേഷനിലേയ്ക്ക് കുടിവെള്ള പദ്ധതികൾക്കായും ഉപയോഗിക്കുന്നുണ്ട്.

കാരാപ്പുഴ പദ്ധതിയിലേയും, ബാണാസുര സാഗർ പദ്ധതിയിലേയും ജലം ഉപയോഗപ്പെടുത്തി, കേരള വാട്ടർ അതോറിറ്റി വയനാട്ടിലും കുടിവെള്ള പദ്ധതികൾ നടത്തി വരുന്നുണ്ട്.

കബനീ നദീതടത്തിലെ ജലം ഉപയോഗപ്പെടുത്തി താഴെ സൂചിപ്പിക്കുന്ന 7 പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

| പദ്ധതി | ടി.എം.സി |
|---|---|
| കടമാൻ തോട് | 1.53 |
| ചൂണ്ടാലി പുഴ | 1.31 |
| നൂൽപ്പുഴ | 1.25 |
| കല്ലമ്പതി | 2.49 |
| തിരുനെല്ലി | 1.81 |
| തൊണ്ടാർ | 1.75 |
| പെരിങ്ങോട്ടുപുഴ | 1.37 |

കബനി നദീതടത്തിലെ മറ്റ് പദ്ധതികളിൽ, കടമാൻ തോട്, തൊണ്ടാർ എന്നീ പദ്ധതികൾ ആദ്യഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രദേശവാസികളെ വിശ്വാസത്തിലെടുത്ത് കൊണ്ട് മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ശ്രമങ്ങളും നടത്തി വരുന്നു.

## ii) ഭവാനി  നദീതടത്തിലെ പദ്ധതികൾ

ഭവാനി ബേസിനിൽ അനുവദിച്ച 6 ടി.എം.സി ജലത്തിലെ 2.87 ടി.എം.സി ജലം ഉപയോഗപ്പെടുത്തുവാനുള്ള അട്ടപ്പാടി വാലി ജലസേചന പദ്ധതിയുടെ പുതുക്കിയ DPR-നു കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ അനുമതി ലഭിയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## iii) പാമ്പാർ നദീതടത്തിലെ പദ്ധതികൾ

പാമ്പാർ നദീതടത്തിൽ മൂന്ന് പഞ്ചായത്തുകളിലായി നാലു വ്യത്യസ്ത പദ്ധതികളാണ് വിഭവാനം ചെയ്തിട്ടുള്ളത്.

| പദ്ധതി | പഞ്ചായത്ത് | നിലവിലെ സ്ഥിതി |
|---|---|---|
| തലയാർ | മറയൂർ | 0.780 ടി.എം.സി ജലമാണ് തലയാർ പദ്ധതിയ്ക്ക് വേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ളത്. തലയാർ പദ്ധതിയിൽ ഉൾപ്പെടുത്തി അപ്പർ ചട്ട മൂന്നാർ ഡാം, ലോവർ ചട്ട മൂന്നാർ ഡാം എന്നീ രണ്ട് ഡാമുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.<br>ലോവർ ചട്ട മൂന്നാർ ഡാമിന്റെ soil exploration GSI യുടെ സാന്നിദ്ധ്യത്തിൽ നടത്തി ലഭിച്ച റിപ്പോർട്ടിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി വീണ്ടും GSI മുഖേന soil exploration നടത്തി പുതുക്കിയ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ചെങ്കലാർ | കാന്തല്ലൂർ | 0.80 ടി.എം.സി ജലമാണ് ചെങ്ങലാർ പദ്ധതിയ്ക്കു വേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ളത്. ചെങ്ങലാർ പദ്ധതിയിൽ ഉൾപ്പെടുത്തി, 2022 മാർച്ച് മാസം പണി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന പട്ടിശ്ശേരി ഡാമിന്റെ പുനർനിർമ്മാണം ദ്രുതഗതിയിൽ നടത്തി വരുന്നു. |
| വട്ടവട | വട്ടവട | 0.52 ടി.എം.സി ജലമാണ് വട്ടവട സ്കീമിനു വേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ളത്. വട്ടവടയാറിന് കുറുകെ ഒറ്റമരം ഡാം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ സർവ്വേ ജോലികൾ പൂർത്തിയായിട്ടുണ്ട്. ഡാമിന്റെ നിർമ്മാണത്തിനാവശ്യമായ തുടർ നടപടികൾക്കായി നിർദ്ദിഷ്ടസ്ഥലത്തെ മണ്ണ്, പാറ മുതലായവയുടെ ഘടനയും സ്വഭാവവും വിശദമാക്കുന്ന ജിയോളജിസ്റ്റിന്റെ നിർദ്ദേശങ്ങൾ ജിയോളജിക്കൽ |

| | | |
|---|---|---|
| | | സർവ്വേ ഓഫ് ഇന്ത്യയിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ചമ്പക്കാട് | കാന്തല്ലൂർ | ചമ്പക്കാട് ട്രൈബൽ കോളനിയിൽ ജലം ലഭ്യമാക്കുന്നതിനു വേണ്ടി വിഭാവനം ചെയ്ത പ്രസ്തുത പദ്ധതിക്കു വേണ്ടി 0.030 ടി.എം.സി ജലമാണ് അനുവദിക്കപ്പെട്ടിരുന്നത്. പ്രസ്തുത പദ്ധതിയുടെ റിസർവോയർ ഏരിയ വനഭൂമിയായതിനാൽ പരിശോധന നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

കൂടാതെ, കബനി, ഭവാനി, പാമ്പാർ എന്നീ മൂന്ന് നദീതടങ്ങളിലെയും , ചെറുകിട ജലസേചന പദ്ധതികൾക്കായി അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിക്കുവാൻ വേണ്ടിയുള്ള നടപടികളും സ്വീകരിച്ച് വരുന്നു.